# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2439** **12.03.2020 ലെ മറുപടി**

## 'കല്ലട ജലസേചന പദ്ധതിയുടെ ഓഫീസുകൾ'

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കൊല്ലം ജില്ലയിൽ പ്രവർത്തിച്ചുവരുന്ന കല്ലട ജലസേചന പദ്ധതിയുടെ ഓഫീസുകൾ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഓഫീസുകളാണെന്ന് വ്യക്തമാക്കാമോ; | (എ) കൊല്ലം ജില്ലയിൽ പ്രവർത്തിച്ചുവരുന്ന കല്ലട ജലസേചന പദ്ധതിയുടെ ഓഫീസുകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.ഐ.പി(എൽ.ബി) ഡിവിഷൻ നമ്പർ.5, കൊല്ലവും അതിന്റെ കീഴിൽ വരുന്ന കൊട്ടിയം(കെഐപി) (എൽബി) സബ് ഡിവിഷൻ നമ്പർ 19 ഉം കരുനാഗപ്പള്ളി കെ.ഐ.പി(ആർ.ബി) സബ് ഡിവിഷൻ നമ്പർ 26 ഉം അവയുടെ കീഴിൽ വരുന്ന സെക്ഷനുകളും അട്ടപ്പാടി വാലി ജലസേചന പദ്ധതിക്കു വേണ്ടി അഗളിയിലേയ്ക്ക് മാറ്റാനുള്ള പ്രൊപ്പോസൽ പരിശോധനയിലാണ്. |
| (ബി) പ്രസ്തുത ഓഫീസുകളുടെ പരിധിയിൽ വരുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാലുകൾ ഉൾപ്പെടെയുള്ള ആസ്തികൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടാണോ ഓഫീസുകൾ നിർത്തലാക്കുന്നത്; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) പ്രസ്തുത ഓഫിസുകളുടെ പരിധിയിൽ വരുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാലുകൾ ഉൾപ്പെടെയുള്ള ആസ്തികൾ സംരക്ഷിക്കുന്നതിന് ചുമതല നൽകി കെ.ഐപി(എൽ.ബി) സബ് ഡിവിഷൻ നമ്പർ 13, കൊല്ലം ഓഫീസും അതിനോട് ചേർന്നു വരുന്ന സെക്ഷൻ ഓഫീസുകളും കൊട്ടാരക്കരയിലെ കെ.ഐ.പി(എൽ.ബി) ഡിവിഷൻ നമ്പർ 2 ൽ അറ്റാച്ച് ചെയ്യാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ